A | 7001

സമഗ്ര ശിക്ഷാ കേരളം

# വാർഷിക മൂല്യനിർണ്ണയം 2024-2025

## ആരോഗ്യ -കായികവിദ്യാഭ്യാസം, കലാവിദ്യാഭ്യാസം, തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

ക്ലാസ് : 7

സമയം : 2 മണിക്കൂർ

സ്കോർ : 45

**പൊതുനിർദേശങ്ങൾ**

- ആരോഗ്യ-കായിക വിദ്യാഭ്യാസം, കലാവിദ്യാഭ്യാസം, തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം എന്നീ വിഷയങ്ങളെ മൂന്ന് വിഭാഗങ്ങളായിട്ടാണ് ചോദ്യപ്പേപ്പറിൽ ക്രമീകരിച്ചിട്ടുള്ളത്.
- ഓരോ വിഭാഗത്തിനും 15 സ്കോർ വീതം.
- ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയമാണ്.
- മൂന്ന് വിഭാഗത്തിന്റെയും ഉത്തരങ്ങൾ പ്രത്യേകം പേപ്പറിൽ എഴുതി നൽകേണ്ടതാണ്.അവയിലെല്ലാം പേര്,വിഷയം,ക്ലാസ്,ഡിവിഷൻ,റോൾ നമ്പർ എന്നീ വിവരങ്ങൾ രേഖപ്പെടുത്തണം

### ആരോഗ്യ-കായിക വിദ്യാഭ്യാസം

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ നാലെണ്ണത്തിന് ഉത്തരമെഴുതുക. (4 x 1 = 4സ്കോർ)**

1. താഴെ പറയുന്നവയിൽ അത്‌ലറ്റിക്സ് മത്സരങ്ങൾ നടത്തപ്പെടുന്ന പ്രതലം ഏത്?

   a) സിന്തറ്റിക്   c) തടിപ്രതലം
   b) ടർഫ്   d) കോൺക്രീറ്റ് പ്രതലം

2. ലിഗമെന്റിന് സംഭവിക്കാവുന്ന പരിക്ക് ഏത്?

   a) ഫ്രാക്ചർ   c) ഡിസ്‌ലൊക്കേഷൻ
   b) സ്പ്രെയ്ൻ   d) ബ്ലിസ്റ്റേഴ്സ്

3. കായിക പ്രവർത്തനങ്ങൾ ചെയ്യുന്നതിന് മുന്നോടിയായി നടത്തേണ്ട പ്രവർത്തനം ഏത്?

   a) കൂളിങ് ഡൗൺ   c) പുനഃ പ്രാപ്തി
   b) സ്ട്രെസ്   d) വാമിംഗ് അപ്പ്

4. ശരീരഘടന നിർവ്വചിക്കുന്നതിനുള്ള മാർഗ്ഗം ഏത്?

   a) ബി.എം.ഐ   c) പുഷ്അപ്പ്
   b) ഷട്ടിൽ റൺ   d) സിറ്റ് ആന്റ് റീച്ച്

5. ശരീര പോഷണത്തിന് സഹായിക്കുന്ന പോഷക ഘടകമാണ് ....................

   a) അന്നജം   c) മാംസ്യം
   b) ധാതുക്കൾ   d) കൊഴുപ്പ്

**6 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക. (4 x 2 = 8 സ്കോർ)**

6. വിവിധ പ്രതലങ്ങളും അതിന് അനുയോജ്യമായ കായിക ഇനങ്ങളും രേഖപ്പെടുത്തുക.

7 സമൂഹത്തിൽ എല്ലാതലങ്ങളിലുമുള്ളവരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കായിക പ്രവർത്തനങ്ങളിലൂടെ നേടാവുന്ന മൂല്യങ്ങൾ എന്തെല്ലാം?

(മറുപുറം)

8. പേശീവലിവ് എന്നാൽ എന്ത്?


9. 'ഹിറ്റ് ഹിറ്റ്' എന്ന കളിയിലൂടെ ആർജ്ജിക്കുന്ന നേട്ടങ്ങൾ എഴുതുക.

10. 'യോഗ ഒളിമ്പ്യാഡ്' എന്താണെന്ന് വിശദമാക്കുക.

**11 , 12 ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് എണ്ണത്തിന് ഉത്തരമെഴുതുക. (1 x 3 = 3 സ്കോർ)**

11. പ്രഥമശുശ്രൂഷയിലെ PRICE എന്നാൽ എന്ത്? വിശദീകരിക്കുക.

12. ആരോഗ്യ സംബന്ധമായ കായികക്ഷമതാഘടകങ്ങളുടെ പദസൂര്യൻ പൂരിപ്പിക്കുക.




## കലാവിദ്യാഭ്യാസം

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക. (4 x 1 = 4സ്കോർ)**

1. 1886ൽ ജോർജ്സൂറയും പോൾ സിഗ്നേക്കും ചേർന്ന് വികസിപ്പിച്ചെടുത്ത ചിത്രരചനാ ശൈലിയാണ്.......................................

   a) പോയന്റലിസം　　c) ഇംപ്രഷനിസം

   b) സർറിയലിസം　　d) ദാദായിസം

2. കേരളത്തിലെ ഒരു അനുഷ്ഠാന നൃത്തരൂപത്തിന്റെ ചിത്രമാണ് താഴെ കൊടുത്തിരിക്കുന്നത്. ഈ നൃത്തരൂപത്തിന്റെ പേരെന്ത്?



   a) പരിചമുട്ടുകളി　　c) കുമ്മാട്ടികളി

   b) തെയ്യം　　d) പടയണി

3. 2020 ൽ മികച്ച ഗായികയ്ക്കുള്ള ദേശീയ പുരസ്കാരം നേടിയ പ്രശസ്ത നാടൻപാട്ടു കലാകാരിയുടെ ചിത്രമാണ് ചുവടെ കൊടുത്തിരിക്കുന്നത്. ഈ ഗായിക ആര്?



a) എസ്. ജാനകി  c) നഞ്ചിയമ്മ

b) പി. സുശീല  d) കെ.എസ് ചിത്ര

4. ദൃശ്യം ചിത്രീകരിക്കുന്നതിന് സഹായകമായി വരയ്ക്കുന്ന ചിത്രങ്ങളെ .................. എന്നു പറയുന്നു.

a) എഡിറ്റിങ്ങ്  c) ഛായാഗ്രഹണം

b) സ്റ്റോറിബോർഡ്  d) ചമയം

5. അഭിനയിക്കുന്ന ഇടം പൂർണ്ണമായും പ്രേക്ഷകരാൽ ചുറ്റപ്പെട്ട രംഗവേദിയാണ്...............................

a) സാന്റ് വിച്ച്  c) അരീന

b) പ്രൊസീനിയം  d) ബാക്ക് സ്റ്റേജ്

**6 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ മൂന്നെണ്ണത്തിന് ഉത്തരമെഴുതുക.** **(3 x 2 = 6 സ്കോർ)**

6. കർണ്ണാടക സംഗീതത്തിലെ ത്രിമൂർത്തികളിൽ ഏതെങ്കിലും രണ്ട് സംഗീതജ്ഞരുടെ പേരെഴുതുക.

7. ഇന്ത്യയിലെ പ്രശസ്തമായ രണ്ട് ഗുഹാചിത്രങ്ങളുടെ പേരെഴുതുക.

8. താഴെ കൊടുത്തിരിക്കുന്ന ചിത്രങ്ങൾ നോക്കി ഭാവം എഴുതുക.



A



B

9. മൂവിംഗ് പിക്ചർ എന്നാലെന്ത്? ഒരു ഉദാഹരണം എഴുതുക.

10. പാവനാടകത്തിലുള്ള വിരൽപ്പാവയെക്കുറിച്ച് അറിയാമല്ലോ? മറ്റേതെങ്കിലും രണ്ട് പാവനാടകത്തിൽ ഉപയോഗിക്കുന്ന പാവകളുടെ പേരെഴുതുക.

**11 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഒരെണ്ണത്തിന് ഉത്തരമെഴുതുക. (1 x 5 = 5)**

11. പ്രശസ്ത കഥകളി നടൻ പത്മശ്രീകലാമണ്ഡലം ഗോപിയാശാന്റെ നവരസങ്ങളുടെ ചിത്രമാണ് ചുവടെ നൽകിയിരിക്കുന്നത്. നവരസങ്ങളിൽ ഏതു രസമാണെന്ന് ബ്രാക്കറ്റിൽ നിന്ന് തിരഞ്ഞെടുത്ത് എഴുതുക.



A B C D E

(രൗദ്രം, അത്ഭുതം , ഭയാനകം, ശാന്തം, ശൃംഗാരം)

12. സന്ധ്യാസമയത്ത് അച്ഛനമ്മമാരോടൊപ്പം കടൽതീരത്തെത്തിയ മിക്കു ആകാശത്തിലെ നിറവ്യത്യാസങ്ങൾ കണ്ട് സന്തോഷവാനായി. ഈ ആകാശ കാഴ്ച ചിത്രീകരിച്ച് നിറം നൽകുക..

13. സംഘഗാനാലാപനത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ? ഏതെങ്കിലും അഞ്ചെണ്ണം എഴുതുക?

14. പുലിക്കളിയുടെ മുഖംമൂടി കണ്ടിട്ടുണ്ടല്ലോ? ഇതുപോലെ വ്യത്യസ്ത സന്ദർഭങ്ങളിൽ ഉപയോഗിക്കുന്ന അഞ്ചു മുഖംമൂടികൾ എഴുതുക.

15. സിനിമയും നാടകവും തമ്മിലുള്ള വ്യത്യാസങ്ങൾ എഴുതുക.

## തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ നാലെണ്ണത്തിന് ഉത്തരമെഴുതുക. (4 x 1 = 4 സ്കോർ)**

1. താഴെ കൊടുത്തിരിക്കുന്നവയിൽ സാലഡുകൾ പോഷക സമൃദ്ധമാക്കാൻ ഏറ്റവും അനുയോജ്യമായത് ഏത്?

a) പുതിന
c) മൈക്രോഗ്രീനുകൾ
b) മല്ലിയില
d) മുരിങ്ങയില

2. “നാരുകളുടെ രാജാവ്” എന്നറിയപ്പെടുന്നത്..................................?

a) പരുത്തി
c) പട്ട്
b) കമ്പിളി
d) റയോൺ

3. വെർട്ടിക്കൽ ഫാമിങ്ങിൽ സസ്യങ്ങൾക്ക് പോഷകങ്ങൾ ദ്രവരൂപത്തിൽ എത്തിക്കുന്നതിനു പറയുന്ന പേരെന്ത്?

a) ഇറിഗേഷൻ
c) ലൈവ്ഭിത്തി
b) ഗ്രീൻഭിത്തി
d) ഫെർട്ടിഗേഷൻ

4. നമ്മുടെ രാജ്യത്തിന്റെ കറൻസി രൂപയാണ്. യുവാൻ കറൻസിയായി ഉപയോഗിക്കുന്ന രാജ്യം ഏതാണ്?


a) ചൈന
b) ബംഗ്ലാദേശ്
c) പാക്കിസ്ഥാൻ
d) അമേരിക്ക

5. സ്ട്രോബോർഡ് നിർമ്മിക്കാൻ ഉപയോഗിക്കുന്ന അസംസ്കൃത വസ്തു ഏത്?

a) പേപ്പർ പൾപ്പ്
b) പ്ലാസ്റ്റിക്
c) ചകിരിച്ചോറ്
d) വൈക്കോൽ പൾപ്പ്

**6 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ നാലെണ്ണത്തിന് ഉത്തരമെഴുതുക. (4 x 2 = 8 സ്കോർ)**

6.



മുകളിൽ തന്നിരിക്കുന്ന വാൾഹാങ്ങിങ്ങ് നിർമിക്കാൻ ആവശ്യമായ നാല് സാധനസാമഗ്രികളുടെ പേരെഴുതുക?


7. പാചക മത്സരത്തിൽ പങ്കെടുക്കുവാൻ വേണ്ടി പോളിയെസ്റ്റർ വസ്ത്രം ധരിച്ചു വന്ന മനുവിനോട് ടീച്ചർ പരുത്തി വസ്ത്രം ധരിക്കാൻ ആവശ്യപ്പെട്ടത് എന്തുകൊണ്ട്? കാരണം വ്യക്തമാക്കുക.


8. ബിനുവിന്റെ സ്കൂളിൽ മണ്ണിര കമ്പോസ്റ്റ് നിർമ്മിക്കാൻ തീരുമാനിച്ചു. മണ്ണിര കമ്പോസ്റ്റ് നിർമ്മിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?


9. യാത്രകൾ ഇഷ്ടപ്പെടാത്തവരായി ആരുമുണ്ടാവില്ല. നിങ്ങൾ ഒരു വിനോദ സഞ്ചാര കേന്ദ്രത്തിലേക്ക് യാത്ര തീരുമാനിച്ചിരിക്കുകയാണ്. ഒരു ബ്രോഷർ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുമ്പോൾ എന്തൊക്കെ കാര്യങ്ങൾ ശ്രദ്ധിക്കണം?

10. അനുയോജ്യമായവ ചേർത്ത് എഴുതുക.

A  റൈറ്റിംഗ് ബോർഡ്

B  പാച്ച് വർക്ക്

C  ബൾബ്


D  സ്വിച്ച്

**11, 12 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക.**

**(1 x 3 =3 സ്കോർ)**

11. ചെലവു കുറഞ്ഞതും പോഷക സമ്പുഷ്ടവുമായ മൈക്രോഗ്രീനുകൾ വളർത്തിയെടുക്കാൻ ആവശ്യമായ സാധനസാമഗ്രികൾ ലിസ്റ്റ് ചെയ്ത് പ്രവർത്തന ഘട്ടം വിവരിക്കുക?

12. താഴെ കൊടുത്തിരിക്കുന്ന ചിത്രം നോക്കൂ....



അഖിൽ സ്വന്തമായി നിർമ്മിച്ച റൈറ്റിംഗ് ബോർഡ് നിങ്ങൾ കണ്ടില്ലേ... റൈറ്റിംഗ് ബോർഡ് നിർമ്മിക്കാൻ ആവശ്യമായ സാമഗ്രികൾ എന്തെല്ലാം? നിർമ്മിക്കുന്ന വിധം വിവരിക്കുക.